# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./റ്റി.വി.എം./ജി.പി.3/1757/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 13/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./റ്റി.വി.എം./ജി.പി.3/1757/2022 തീയ്യതി: 13/02/2023

# തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-05-2021 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 22-08-2022 | 30-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2022 | 30-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ പ്രേംനാഥ് ജി കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വെർജിൻ ഷീജ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രാജു. എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ശ്രീകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അപ്സരകുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയ സി എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 21-07-2021 |
| ശ്രീ അജയകുമാർ എം | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2021 | 31-03-2022 |
| ശ്രീമതി രശ്മി കെ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സ്വപ്ന ആർ എസ് | ICDS സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി ജിനി | ICDS സൂപ്പർവൈസർ | 01-07-2021 | 31-10-2021 |
| ശ്രീമതി സവിത | ICDS സൂപ്പർവൈസർ | 01-11-2021 | 31-03-2022 |
| ഡോ ജവഹർ | ചീഫ് മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ ആശ വിജയൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ സനൽകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 23-07-2021 |
| ശിവാംബിക | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-07-2021 | 31-03-2022 |
| ഡോ ഫാത്തിമ ബീവി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 30-04-2021 |
| ഡോ ദുർഗ പ്രസാദ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-05-2021 | 22-05-2021 |
| ഡോ പ്രബിഷ എം | മെഡിക്കൽ ഓഫീസർ , ആയുർവേദം | 23-05-2021 | 09-11-2021 |
| ഡോഅനിൽകുമാർ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 10-11-2021 | 31-03-2022 |
| ഡോ സബിത എ | മെഡിക്കൽ ഓഫീസർ , ഹോമിയോപ്പതി | 01-04-2021 | 31-03-2022 |
| പ്രകാശ് ക്രിസ്റ്റ്യൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ജോയ് കെ എം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-10-2021 |
| കുമാരി ഹേമ | ഹെഡ്മിസ്ട്രസ്സ് | 01-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി അനശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2021 | 17-09-2021 |
| ശ്രീ ബിനോയ് ഭുവൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 18-09-2021 | 31-03-2022 |
| ശ്രീമതി അനശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2021 | 06-09-2021 |
| ശ്രീ സുബിൻ എസ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 07-09-2021 | 31-03-2022 |
| ശ്രീമതി സൗമ്യ യു കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ IIII | 01-04-2021 | 31-03-2022 |
| ശ്രീമതി വിദ്യാറാണി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാൻറ് വിനിയോഗം | 1-3 |
| 4 | 3വർഷം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. | 1-4 |
| 5 | ക്ഷേമ പദ്ധതികൾ | 1-5 |
| 6 | മരണപ്പെട്ടവർക്ക് ക്ഷേമപെൻഷൻ വിതരണം അവസാനിപ്പിക്കേണ്ടതാണ് | 1-6 |
| 7 | പദ്ധതി രൂപീകരണം - അപാകതകൾ | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | വസ്തുനികുതി പിരിച്ചെടുക്കൽ ഊർജിതമാക്കണം. | 1-9 |
| 10 | വസ്തു നികുതി-കെട്ടിടം പുനപരിശോധിക്കണം | 1-10 |
| 11 | വസ്തു നികുതി -മൊബൈൽ ടവറുകളിൽ നിന്നും ഈടാക്കിയിട്ടില്ല | 1-11 |
| 12 | കടമുറികൾ വാടകക്ക് നൽകാത്തത് - വരവിൽ നഷ്ടം ഉണ്ടാകുന്നു | 1-12 |
| 13 | മൂലധനത്തിനനുസൃതമായി ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 1-13 |
| 14 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല | 1-14 |
| 15 | പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമായില്ല | 1-15 |
| 16 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല | 1-16 |
| 17 | തെരുവുവിളക്ക് അറ്റകുറ്റപണികൾ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 18 | കോടതി അറ്റാച്ച്മെന്റിന്റെ ഭാഗമായി തുക ഒടുക്കി - നടപടിക്രമങ്ങൾ പാലിച്ചില്ല | 1-18 |
| 19 | മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകൾ കാലഹരണപ്പെട്ടത് - അടിയന്തിര നടപടികൾ അനിവാര്യം | 1-19 |
| 20 | എഫ്.ഡബ്ള്യൂ.സി.സെന്ററുകൾക്ക് കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഇല്ല | 1-20 |
| 21 | ആയുർവേദ ആശുപത്രി - ലാബ് ടെക്നീഷ്യന്റെ ഹോണറേറിയം | 1-21 |
| 22 | ഹരിതകർമ്മ സേന- നടത്തിപ്പിലെ അപാകതകൾ | 1-22 |
| 23 | ദുരിതാശ്വാസ നിധി -പ്രവർത്തനരഹിതം | 1-23 |
| 24 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-24 |
| 25 | തുടർവിദ്യാകേന്ദ്രം പ്രേരകിന്റെ ഹോണറേറിയം തനതു ഫണ്ടിലേക്ക് തിരികെ | 1-25 |

| | | |
|---|---|---|
| | ലഭിച്ചിട്ടില്ല | |
| 26 | ഗ്രാമസഭ, കമ്മിറ്റികൾ എന്നിവ ചേരുന്നതിലെ അപാകതകൾ | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം(സ്റ്റേറ്റ്മെന്റ് പ്രകാരം) | 4-1 |
| 2 | നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുക | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | ലോൺ തിരിച്ചടവ് വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 വർഷത്തെ ബജറ്റ് 18-3-2022-ൽ പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 331292301/- രൂപയും പ്രതീക്ഷിത ചെലവ് 301312505/- രൂപയും നീക്കിയിരിപ്പ് 29979796/- രൂപയും ഉൾപ്പെട്ട ബഡ്ജറ്റ് iii നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു.

ബജറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

(1) ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

A.ബഡ്ജറ്റിൽ വകയിരുത്താതെ തുക ചെലവ് ചെയ്തു

| ഹെഡ് | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവ് |
|---|---|---|
| 250103901 | 0 | 200000 |
| 250301801 | 0 | 36454 |
| 251100602 | 0 | 820600 |
| 2512004 | 0 | 692415 |
| 2514101 | 0 | 4775171 |

B.ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചില്ല.

| ഹെഡ് | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവ് |
|---|---|---|
| 2501040 | 105000 | 0 |
| 2501049 | 492000 | 0 |
| 2502001 | 3218042 | 0 |
| 2510115 | 50000 | 0 |
| 2513015 | 1334666 | 0 |
| 2514202 | 1564200 | 0 |
| 2516001 | 7000000 | 0 |
| 2516006 | 449551 | 0 |

ബഡ്ജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചതിനും, ബഡ്ജറ്റിൽ തുക വകയിരുത്തിയ ശേഷം തുക ചെലവഴിക്കാത്തതിനുള്ള കാരണവും ബഡ്ജറ്റും വാർഷിക ധനകാര്യപത്രികയും പരിശോധിച്ച് വിശദീകരിക്കുവാൻ

ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 8/22-ന് നൽകിയ മറുപടിയിൽ ഹെഡുകൾ മാറിയതിനാൽ വന്ന അപാകമാണെന്നും വരും വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് വകയിരുത്തലുകൾ കൃത്യമായ ഹെഡുകളിൽ പോസ്റ്റ് ചെയ്യുവാനും ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2021 | 15.06.2022 |

വാർഷിക ധനകാര്യ പത്രിക-അപാകങ്ങൾ.

1.2020-21 വർഷത്തെ AFS -ലെ B15 പരിശോധിച്ചതിൽ Profession Tax -Institutions/professionals അരിയറിനത്തിൽ ലഭിക്കാനുള്ള തുക 56800/- രൂപയാണ്. എന്നാൽ 2021-22-ലെ രജിസ്റ്റർ, AFS എന്നിവ പ്രകാരം കിട്ടാനുള്ളതിനേക്കാൾ കൂടുതൽ തുക (80750/- രൂപ) അരിയർ ഇനത്തിൽ ലഭിച്ചതായും കാണുന്നു.

2.2021-22-ലെ AFS-ൽ Profession Tax -Institutions/professionals- കറന്റ് ഇനത്തിൽ 26480/- രൂപ ലഭിക്കാനുള്ളതായി (BIS പ്രകാരം) രേഖപ്പെടുത്തിയിരിക്കുന്നു. രജിസ്റ്റർ പ്രകാരം ആയത് 27800/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3.I-6പ്രകാരം വിധകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമായി 300000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക RP യിൽ രേഖപ്പെടുത്തിയിട്ടില്ല.

4.മുൻ വർഷങ്ങളിൽ ലഭിച്ച 103000/- രൂപ (വിമുക്തി ഫണ്ട്) B-2-ൽ ഹെഡ്കോഡ് നം.311710199 -ൽ OTHER TRUST OR AGENCY FUNDS-എന്ന ഹെഡിൽ ബാലൻസായി രേഖപ്പെടുത്തിയ തുക നാളിതുവരെ ചെലവാക്കാതെ സൂക്ഷിച്ചിരിക്കുന്നു.

5.B-4-ൽ ബാക്കിയായി രേഖപ്പെടുത്തിയിട്ടുള്ള തുകകൾ മുൻ വർഷങ്ങളിലും നിലനിൽക്കുന്നതുമാണ്. പ്രസ്തുത തുകകൾ ചെലവഴിച്ചിട്ടില്ല.

6.RP-40b-യിൽ Treasury Special TSB-joint Venture പൂജ്യമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ജോയിന്റ് വെഞ്ചർ അക്കൌണ്ട് B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 4472705/-രൂപ ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

7.B-11(a)capital Work In Progress-407822/-രൂപയാണ്. എന്നാൽ എ.ഇ. ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 1861751/-രൂപയാണ്.

8.ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 സ്റ്റോക്ക് ഇൻ ഹാൻഡ് -ൽ ഉൾപ്പെടുത്തിയിട്ടില്ല.

9.B-18-ൽ Festival Advance ഇനത്തിൽ 18000/-രൂപ നാളിതുവരെ ഈടാക്കിയിട്ടില്ല.

10.B-4-ലെ ഗുണഭോക്തൃ വിഹിതമായ 430200/-രൂപ മുൻ വർഷത്തിൽ ലഭ്യമായിട്ടും നാളിതുവരെ ചെലവഴിച്ചിട്ടില്ല.
മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 9/22-ന് നൽകിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.
അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാൻറ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19610693 | 19610693 | 21888000 | (-) 2277307* |
| വികസനഫണ്ട് (എസ്.സി.പി) | 0 | 14766101 | 14766101 | 13762000 | 1004101 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 15600 | 15600 | 0 | 15600 |
| മെയിന്റനൻസ് ഗ്രാന്റ് (Non Road) | 0 | 8914034 | 8914034 | 6732131 | 2181903 |
| മെയിന്റനൻസ് ഗ്രാന്റ് (Road) | 0 | 20103795 | 20103795 | 16965330 | 3138465 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)) | 0 | 12101138 | 12101138 | 3024471 | 9076667 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (United) | 0 | 6731887 | 6731887 | 4925702 | 1806185 |

* G.O. പ്രോജക്ടുകൾക്കായി സ്രോതസ്സിൽ നിന്നും കുറവു ചെയ്യുന്ന തുകകൾ വരവായി രേഖപ്പെടുത്താതിരിക്കുകയും

എന്നാൽ ചെലവിൽ ഉൾക്കൊള്ളിക്കുകയും ചെയ്തതിനാലാണ് നീക്കിയിരിപ്പ് നെഗറ്റീവ് സംഖ്യയായി വന്നിട്ടുള്ളത്.

2. ഗ്രാന്റ് യൂട്ടിലൈസേഷൻ - മറ്റ് അപാകതകൾ

1. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A)വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളും പ്രത്യേകാവശ്യഗ്രാന്റുകളും 2019-20 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഗ്രാന്റ് ഇനം | 2020-21-ൽ അവശേഷിച്ച തുക | 2021-2022-ൽ ചെലവഴിക്കാതെ അവശേഷിച്ച തുക |
|---|---|---|---|
| 320100115 | Total Sanitation | 306000 | 306000 |
| 320100121 | ICDS | 908328 | 416414 |
| 320100204 | Local Area D | 8528 | 8528 |
| 320100299 | Grant For Specific Purposes | 3626912 | 3231579 |
| 320200309 | Literacy Scheme Grant | 12233 | 12600 |
| 320200322 | Suchithwa Mission | 4496639 | 2252419 |
| 320300199 | Other Govt Agencies | 932091 | 869868 |
| 320900101 | Nirmal Puraskar | 233000 | 233000 |
| 320200301 | Recoveries Payable-covid | 779681 | 153400 |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിച്ചില്ലായെങ്കിൽ പ്രസ്തുത തുകകൾ അനുവദിച്ച സ്ഥാപനങ്ങൾക്കുതന്നെ തിരികെ നൽകേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

3.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം -അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

A.ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക

| ഹെഡ് കോഡ് | 2020-21-ൽ അവശേഷിച്ച തുക | 2021-22-ൽ അവശേഷിച്ച തുക |
|---|---|---|
| 320700104 | 2000000 | 2000000 |
| 320700204 | 562137 | 547737 |

B.ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക

| ഹെഡ് കോഡ് | 2020-21-ൽ അവശേഷിച്ച തുക | 2021-22-ൽ അവശേഷിച്ച തുക |
|---|---|---|
| 320700105 | 3231400 | 103569 |
| 320700205 * | 562800 | 562800 |

4.ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതമായ 423000/- രൂപയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. മുൻ വർഷങ്ങളിലും നിലനിൽക്കുന്ന തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകാനുള്ളതാണെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-4 3വർഷം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല.

3 വർഷം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. അപ്രകാരം മുതൽ കൂട്ടാത്ത തുകകൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | തുക |
|---|---|---|
| 340100101 | Contractors Earnest Money Deposit | 12500 |
| 340100102 | Suppliers Earnest Money Deposit | 108233 |
| 340100103 | Bidders Earnest Money Deposit | 123855 |
| 340100201 | Contractors Security Deposit | 17000 |
| 340100202 | Suppliers Security Deposit | 49740 |
| 340100301 | Contractors Retention | 4128 |
| 340200102 | Auction Deposit | 6195 |
| 340200107 | Election Deposit | 86000 |

പ്രസ്തുത തുകകളിൽ 3 വർഷം എന്ന കാലാവധി കഴിഞ്ഞ തുകകൾ എത്രയെന്നും, പ്രസ്തുത തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാത്തതിനുള്ള കാരണവും അറിയിക്കാൻ നൽകിയ അന്വേഷണക്കുറിപ്പ് 8/22-ന് നൽകിയ മറുപടിയിൽ പ്രസ്തുത തുകകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണെന്ന് വ്യക്തമാക്കി. മേൽനടപടികൾ സ്വീകരിക്കുന്നതിലേക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3014800 | 209 |
| വിധവാ പെൻഷൻ | 24066900 | 1627 |
| വാർദ്ധ്യകാല പെൻഷൻ | 41636900 | 3146 |
| വികലാംഗ പെൻഷൻ | 7110800 | 481 |
| വിവാഹ ധനസഹായം | 300000 | 10 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 622200 | 42 |

## 1-6 മരണപ്പെട്ടവർക്ക് ക്ഷേമപെൻഷൻ വിതരണം അവസാനിപ്പിക്കേണ്ടതാണ്

2021—22 വർഷത്തിൽ വിതരണം ചെയ്ത സാമൂഹ്യക്ഷേമപെൻഷൻ അപേക്ഷകളിൽ ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്നവർ മരണപ്പെട്ടശേഷവും പെൻഷൻ തുക നൽകിയതായി കണ്ടെത്തി. അപ്രകാരം പെൻഷൻ കൈമാറി നൽകിയ ഏതാനും ഗുണഭോക്താക്കളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ.ഡി | ആധാർ നം. | മരണ തീയതി | നിലവിലെ സ്ഥിതി | നൽകിയ മാസം | തുക |
|---|---|---|---|---|---|---|
| ഗിരിജ | 102960601989 | 235268990861 | 30-5-2021 | ആക്ടീവ് | 2/2022 മുതൽ 8/2022 വരെ | 11200/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 1600/-രൂപ വീതം | |
| ബൻസൺ | - | 899924740917 | 16-5-2021 | ആക്ടീവ് | 5/2021 മുതൽ 8/2022 വരെ 1600/- രൂപ വീതം | 24000/- |
| ഓമന | 102960201176 | 594831843961 | 2-6-2021 | ആക്ടീവ് | 7/2021 മുതൽ 8/2022 വരെ | 20800/- |

ധനകാര്യവകുപ്പ് 5-11-2020-ൽ പുറപ്പെടുവിച്ച സർക്കുലർ 67/2020പ്രകാരം പെൻഷൻ വിതരണത്തിൽ നഷ്ടം ഉണ്ടാകുന്നവെങ്കിൽ പ്രസ്തുത തുക പ്രദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നും, 22-1-2018- ൽ ധനകാര്യവകുപ്പ് പുറപ്പെടുവിച്ച Sfc/B2/53/2017നമ്പർ ഉത്തരവ് പ്രകാരം അനർഹരെ ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും സെക്ഷൻ ക്ലാർക്കിന്റെയും ചുമതലയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പെൻഷൻ വിതരണം കുറ്റമറ്റതാക്കാൻ ആവശ്യമായ നടപടികൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്. മേൽ രേഖപ്പെടുത്തിയവർക്ക് മരണപ്പെട്ടുപോയിട്ടും തുക വിതരണം ചെയ്തതിനുള്ള വിശദീകരണവും തുടർനടപടി വിവരങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-7 പദ്ധതി രൂപീകരണം - അപാകതകൾ

സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക 3.1.1(ബി) പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക തുടങ്ങി നിരവധി ചുമതലകൾ ആസൂത്രണസമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ആസൂത്രണസമിതിയുടെ മിനട്സ് പരിശോധിച്ചതിൽ സമിതി അതിന്റെ കടമകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക 3.1.2(ബി) പ്രകാരം പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനട്സ് പരിശോധിച്ചതിൽ രണ്ടു ദിവസം മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക 3.1.2(ബി) 6 പ്രകാരം വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)7 പ്രകാരം ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ മുൻവാർഷികപദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവു കണക്കുകൾ ഫോറം 4ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി രേഖയില്ല. ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഈ നടപടിക്രമവും പാലിക്കപ്പെട്ടിട്ടില്ല.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുന്നോടിയായി, മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിന്മേൽ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ നല്കിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യവകയിരുത്തൽ എന്നിവ പരിശോധിച്ചശേഷമാണോ ശുപാർശകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

വാർഷിക പദ്ധതിയിലെ മുൻഗണനകൾക്കും വികസനതന്ത്രങ്ങൾക്കും മൂർത്തരൂപം നൽകുന്നതിനായാണ് വികസന സെമിനാർ ചേരുന്നത്. എന്നാൽ വികസന സെമിനാർ മിനിട്സ് പരിശോധിച്ചതിൽ 17.02.21ൽ വികസന സെമിനാർ ചേർന്നതായി സൂചനയുണ്ടെങ്കിലും പങ്കെടുത്തവരുടെ ഹാജരും പദ്ധതികളുടെ ലിസ്റ്റും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 148371455/- രൂപയും ചെലവ് 78557169/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

## 1-8 ആഭ്യന്തരനിയന്ത്രണം

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യോഗം ചേർന്നിട്ടില്ല. 09.09.2021ന് ശേഷം 23.03.2022നാണ് ഓഫീസ് മീറ്റിംഗ് നടത്തിയിട്ടുള്ളത്.

2) റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021ൽ പുതുക്കി പ്രസിദ്ധീകരിച്ച പൗരാവകാശ രേഖയുടെ ഒരു പകർപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കി.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നമ്പർ 123/2009 /തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8-ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

സി) ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

എഫ്) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

എച്ച്) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

5) ഗ്രാമപഞ്ചായത്തിന് 18.06.2019ന് ലഭ്യമായ ISO സർട്ടിഫിക്കറ്റിന് (നമ്പർ TQS/Q-660) 17.06.2022 വരെ കാലാവധിയുണ്ടായിരുന്നു. എന്നാൽ, അത് യഥാസമയം പുതുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

തനതുവരുമാനം പൂർണ്ണമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തധീനതയിലുള്ള റേഷൻ കടകളിൽ നിന്നും ഓഡിറ്റോറിയത്തിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നില്ല. പബ്ലിക് മാർക്കറ്റ് ലേലം തൻവർഷം നടത്തിയിട്ടില്ല. കടമുറികൾ ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നതിനാൽ വാടകയിനത്തിലും കുറവുണ്ടാകുന്നു. അപാകതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 വസ്തുനികുതി പിരിച്ചെടുക്കൽ ഊർജിതമാക്കണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്ഥാപനത്തിന് ലഭിക്കേണ്ട തനത് നികുതികൾ പൂർണമായി പിരിച്ചെടുക്കേണ്ടത് അതത് തദ്ദേശ സ്ഥാപനങ്ങളുടെ കടമയാണ്. നികുതികൾ സമയബന്ധിമായി പിരിച്ചെടുത്തില്ലായെങ്കിൽ കാലഹരണപ്പെടാനും പ്രസ്തുത നികുതികൾ സ്ഥാപനത്തിന് നഷ്ടപ്പെടാനും കാരണമാകാവുന്നതാണ്. നികുതി പിരിച്ചെടുന്നതിലെ അലംഭാവം സ്ഥാപനം ഹാജരാക്കിയ വസ്തുനികുതി D.C.B സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

2018-19- വർഷത്തെ D.C.B സ്റ്റേറ്റ്മെന്റ് (33.7% പിരിവ് )

| അരിയർ-ഡിമാൻഡ് | അരിയർ കളക്ഷൻ | ബാലൻസ് |
|---|---|---|
| 3229708 | 1663426 | 1566282 |

| | | |
|---|---|---|
| കറന്റ്-ഡിമാൻഡ് | കറന്റ്-കളക്ഷൻ | |
| 4586351 | 3518234 | 1068117 |
| ആകെ-7816059 | 5181660 | 2634399 |

2019-20വർഷത്തെ D.C.B സ്റ്റേറ്റ്മെന്റ് (34.9%പിരിവ്)

| അരിയർ-ഡിമാൻഡ് | അരിയർ കളക്ഷൻ | ബാലൻസ് |
|---|---|---|
| 2244987 | 850067 | 1406274 * |
| കറന്റ്-ഡിമാൻഡ് | കറന്റ്-കളക്ഷൻ | |
| 4681649 | 3696570 | 1014102 |
| ആകെ-6926636 | | 2420376 |

*ബാലൻസ് പൊരുത്തപ്പെടുന്നില്ല.വ്യത്യാസം-11354.

2020-21വർഷത്തെ D.C.B സ്റ്റേറ്റ്മെന്റ് (42.7 %)

| അരിയർ-ഡിമാൻഡ് | അരിയർ കളക്ഷൻ | ബാലൻസ് |
|---|---|---|
| 2520181 | 775994 | 1747752** |
| കറന്റ്-ഡിമാൻഡ് | കറന്റ്-കളക്ഷൻ | |
| 5483127 | 3994689 | 1571259*** |
| ആകെ-8003308 | | 3419011 |

*ബാലൻസ് പൊരുത്തപ്പെടുന്നില്ല. വ്യത്യാസം – 11354/- രൂപ

**വ്യത്യാസം 3565/- രൂപ

*** 82821/- രൂപ അധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

2021-22 വർഷത്തെ D.C.B സ്റ്റേറ്റ്മെന്റ് (40.5% പിരിവ്)

| അരിയർ-ഡിമാൻഡ് | അരിയർ കളക്ഷൻ | ബാലൻസ് |
|---|---|---|
| 3212336 | 1160494 | 2052262 * |
| കറന്റ്-ഡിമാൻഡ് | കറന്റ്-കളക്ഷൻ | |
| 5928516 | 4432500 | 1657321 ** |

| | | |
|---|---|---|
| ആകെ– 9140852/- | | ആകെ– 3709583/- |

*ബാലൻസ് പൊരുത്തപ്പെടുന്നില്ല. വ്യത്യാസം – 420/- രൂപ വ്യത്യാസം.

**ബാലൻസ് പൊരുത്തപ്പെടുന്നില്ല. വ്യത്യാസം – 161305/- രൂപ വ്യത്യാസം.
മേൽ വ്യത്യാസങ്ങൾക്കുള്ള കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തനത് ഫണ്ട് ഇനത്തിൽ ലഭിക്കേണ്ട വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുന്നതിന് ഭരണ-ഉദ്യോഗസ്ഥ തലത്തിൽ സത്വര നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 വസ്തു നികുതി-കെട്ടിടം പുനപരിശോധിക്കണം

സഞ്ചയ സേഫ്റ്റ്‌വെയറിൽ വസ്തു നികുതി സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ 1/391-ാം നമ്പർ കെട്ടിടം സഞ്ചയയിൽ 769 M2 വിസ്തീർണം എന്നും, കാലപഴക്കം 4 വർഷം എന്നും, ഉപയോഗക്രമം-പാർപ്പിടമെന്നും, അടിസ്ഥാന വസ്തു നികുതി 6/- രൂപ നിരക്കിൽ ആകെ 16200/- രൂപ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 769m2 വിസ്തീർണത്തിന് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി 6/- രൂപ നിരക്കിൽ 4614/- രൂപ ഈടാക്കേണ്ടതിന് പകരം 16200/- രൂപയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനായി നൽകിയ A6-1382/22 നമ്പർ ഫയൽ രേഖകൾ പരിശോധിച്ചതിൽ കൈമാറ്റത്തിന് ആസ്പദമായ 230/2022 നമ്പർ ആധാരത്തിൽ പ്രതിപാദിക്കുന്ന കെട്ടിടത്തിന് നൽകിയ (1/391) Valuation Certificate Submitted Before The Sub Register (Under Section 28c Of The Kerala Stamp Act 1959) വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത കെട്ടിടത്തിന് 11900sq.ft (1105.94 M2) വിസ്തീർണം ഉള്ളതായി രേഖപ്പെടുത്തിരിക്കുന്നു. കൂടാതെ Form 1Bയിൽ പ്രസ്തുത കെട്ടിടം 2010-ൽ നിർമ്മിച്ചതാണെന്നും കെട്ടിടത്തിന്റെ വിസ്തീർണം 11900 Sq.ft എന്നും രേഖപ്പെടുത്തിയിട്ടും സഞ്ചയയിൽ വിസ്തീർണ വ്യത്യാസം വരുത്താതെയും നികുതി പുനർനിർണയിക്കാതെയും ഉടമസ്ഥാവകാശം മാറ്റി നൽകി. കെട്ടിടത്തിന്റെ ഉപയോഗം പാർപ്പിടം ആണെങ്കിൽ 4614/- രൂപ (769m2*6=4614/-) അടിസ്ഥാന നികുതി ഈടാക്കേണ്ടതിനുപകരം 16200/-രൂപ ഈടാക്കുന്നതിനാൽ കെട്ടിടത്തിന്റെ ഉപയോഗക്രമം പുനപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണകുറിപ്പ് 32/22- ന് നൽകിയ മറുപടിയിൽ അപാകത പരിഹിക്കുന്നതാണെന്ന് അറിയിച്ചു. പ്രസ്തുത കെട്ടിടം നിയമാനുസൃതം പുനപരിശോധനയ്ക്ക് വിധേയമാക്കി വിസ്തീർണത്തിനും ഉപയോഗക്രമത്തിനും അനുസരിച്ച് നികുതി ഈടാക്കിയും സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും ആയതിന്റെ കോപ്പിസഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി -മൊബൈൽ ടവറുകളിൽ നിന്നും ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള താഴെ പറയുന്ന മെബൈൽ ടവറുകളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ടവറിന്റെ പേര് | കെട്ടിട നമ്പർ | വർഷം | കുടിശ്ശിക തുക |
|---|---|---|---|
| Tower Vision India | 14/335 A | 2022 | 2329/- |
| Reliance Communication Ltd | 20/335 A | 2022 | 45498/- |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുണ്ടെങ്കിൽ ആയത് പിരിക്കുന്നതിനായി സർക്കുലർ നം.40395/RC2 /2014/L.S.G.D തീയതി- 19-10-2014 പ്രകാരം സ്പെഷ്യൻ ഡ്രൈവ് നടത്തേണ്ടതാണ്. വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുത്തില്ലായെങ്കിൽ പ്രസ്തുത തുകകൾ നഷ്ടപ്പെടാനും തൽഫലമായി തനത് ഫണ്ട് കുറയാനും കാരണമാകുമെന്നതിനാൽ മൊബൈൽ ടവറുകളിൽ നിന്നും സമയബന്ധിതമായി വസ്തു നികുതി പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 കടമുറികൾ വാടകക്ക് നൽകാത്തത് - വരവിൽ നഷ്ടം ഉണ്ടാകുന്നു

പഞ്ചായത്തിന്റെ തൻവർഷത്തെ വാടകരജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന കടമുറികൾ വാട്ടർ അതോറിറ്റി ഓഫീസ്, ഹെൽത്ത് ഇൻസ്പെക്ടറുടെ ഓഫീസ്, അയൽസഭ റൂം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയവയിൽ നിന്നും വാടക ലഭ്യമാകുന്നില്ല എന്നാണ് വ്യക്തമാകുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2) മറുപടിയായി ടി കടമുറികൾ വർഷങ്ങളായി പൊളിഞ്ഞുകിടക്കുകയാണെന്നും ഉപയോഗശൂന്യമായതിനാൽ വാടകയ്ക്ക് നൽകിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. തനതുവരുമാനത്തിൽ കുറവു വരാത്ത വിധത്തിൽ മുറികളുടെ പുനരുദ്ധാരണം നടത്തി ആവശ്യക്കാർക്ക് ലേലം ചെയ്തു നൽകുന്നതിൽ ഭരണാധികാരികളുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 മൂലധനത്തിനനുസൃതമായി ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 7 പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വെങ്ങാനൂർ പഞ്ചായത്തിലെ ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ, ചുവടെപ്പറയുന്ന അപേക്ഷകരിൽ നിന്നും സൂചിപ്പിച്ചിട്ടുള്ള മൂലധനത്തിനനുസൃതമായ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | ഉടമ | സ്ഥാപനം | മൂലധനനിക്ഷേപം | ലൈസൻസ് ഫീ | |
|---|---|---|---|---|---|---|
| | | | | | ഈടാക്കിയത് | ഈടാക്കേണ്ടത് |
| 1 | III/383(AJ) | ആസ്റ്റിൻ മനോഹരൻ ഡാനിയേൽ & എലിസബത്ത് ഡാനിയേൽ | Companion Leisure Homes (Home Stay) | 6470000 | 1000 | 5000 |
| 2 | I/110 | നസീർ. കെ. ഹബീബ് | വില്ലേജ് കൈത്തറി കട | 1500000 | 500 | 1000 |
| 3 | I/227(A) | അഭിലാഷ് രവീന്ദ്രൻ | ആദിശക്തി ആയുർവേദ വില്ലേജ് | 34500000 (PCBയുടെ അനുമതിപത്രം പ്രകാരം) | 5000 | 10000 |

ഇതിൽ ക്രമ നം 3 ആദിശക്തി ആയുർവേദ വില്ലേജിന്റെ (Treatment Centre & Lodging) മൂലധനനിക്ഷപമായി അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളത് 10 ലക്ഷം രൂപ എന്നാണ്. വ്യക്തമായ അന്വേഷണത്തിനുള്ള നടപടികൾ കൈക്കൊള്ളാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകത്തിന് കൃത്യമായ മറുപടി നൽകേണ്ടതും ലൈസൻസ് ഫീയിൽ കുറവ് വന്നത് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിട്ടുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 20/22- ന് നൽകിയ മറുപടിയിൽ വിവരങ്ങൾ "VEELS"- എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പദ്ധതി നമ്പർ | 184/22 |
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങലും മരുന്ന് വാങ്ങലും |
| അടങ്കൽ തുക | 10,42,428/- രൂപ |
| ചെലവ് തുക | 10, 42,428/- രൂപ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് |
| ബിൽ നമ്പർ/തീയതി | 99/12.10.21 – 5,10,400/- രൂപ<br>280/26.02.22 – 82,015/- രൂപ<br>328/19.03.22 – 4,50,013/- രൂപ |

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായുള്ള മേൽ പദ്ധതി പ്രകാരം കാരുണ്യ മെഡിസിൻ ഡിപ്പോയ്ക്ക് മരുന്നുകളുടെ വില നൽകിയെങ്കിലും മരുന്നുകൾ നാളിതുവരെയും പൂർണ്ണമായും ലഭ്യമായിട്ടില്ല. മരുന്നുകൾ വിതരണം ചെയ്യാതിരുന്നതിന്റെ സാഹചര്യം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/2022, 27.08.2022) മറുപടി നൽകിയില്ല. മരുന്ന് വിതരണക്കാരുമായുള്ള കരാറിന്റെ രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അവശ്യ സേവനമായ മരുന്നുകളുടെ ലഭ്യത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും സാധാരണക്കാർക്ക് യഥാസമയം മരുന്നുകളുടെ ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

## 1-16 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2021-22 വർഷത്തിൽ 05.03.2022ൽ ഒരു പ്രാവശ്യം മാത്രമാണ് ചേർന്നിട്ടുള്ളത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ ടെണ്ടറുകൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത്. എന്നാൽ വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരമൊന്നും പരിശോധിച്ചിട്ടുള്ളതായി രേഖയില്ല.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 തെരുവുവിളക്ക് അറ്റകുറ്റപണികൾ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതി | തെരുവുവിളക്ക് മെയിന്റനൻസ് - AMC |
| പദ്ധതി നം | 133/22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 9,00,000/- രൂപ (ധനകാര്യകമ്മിഷൻ ഗ്രാന്റ്) |
| ചെലവ് | 636750/- രൂപ |
| ബിൽ നം/തീയതി | 146/16.11.21 – 2,12,250/- രൂപ<br>178/20.12.21 – 2,12,250/- രൂപ<br>408/26.03.22 – 2,12,250/- രൂപ |

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും ആയതിൻപ്രകാരം ശ്രീ. പ്രിൻസ്.ജെ, ജെ.എസ് നിലയം എന്നയാൾക്ക് 8,49,000/- രൂപയ്ക്ക് ഉറപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. 01.07.21 മുതൽ 30.06.22 വരെയാണ് കരാർ കാലാവധി. പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്റർ പരിശോധിച്ച് കരാറുകാരൻ പ്രസ്തുത കാലയളവിൽ അറ്റകുറ്റപണികൾ നടത്തേണ്ടതാണ്. സ്പെയർ പാർട്ടുകൾ മാറ്റി വയ്ക്കുന്നതിലോ മറ്റൊരു ജോലിയിലുമോ പഞ്ചായത്തിന് യാതൊരു പങ്കും ഉണ്ടായിരിക്കില്ല. ജോലികൾ തൃപ്തികരമായി പൂർത്തീകരിച്ചതായുള്ള ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും KSEB ഇലക്ട്രിക്ക് സെക്ഷനുകളുടെയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്ലെയിം സമർപ്പിച്ചാൽ തുക നാലു തുല്യഗഡുക്കളായി നൽകും എന്നിങ്ങനെയാണ് കരാർ വ്യവസ്ഥകൾ.

തെരുവുവിളക്കുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 6, 7, 14 തുടങ്ങി പല വാർഡുകളിലെയും തെരുവുവിളക്കുകളുടെ വിവരം ലഭ്യമല്ല. പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തലുകളൊന്നും വരുത്തുന്നില്ല. KSEBയിൽ നിന്നും പണി

പൂർത്തീകരിച്ചതായുള്ള സാക്ഷ്യപത്രം ഹാജരാക്കുന്നില്ല. കരാർ പ്രകാരം പഞ്ചായത്തിലെ തെരുവുവിളക്കുകളിൽ ഡബിൾ ട്യൂബ് സെറ്റുകളുടെ എണ്ണം 1045 മാത്രമാണ്. എന്നാൽ 3859 എണ്ണം ഡബിൾ ട്യൂബുകൾ നന്നാക്കിയതായി കരാറുകാരൻ അവകാശപ്പെടുന്നു. 3799 എണ്ണം നന്നാക്കിയതായുള്ള മെമ്പർമാരുടെ സത്യവാങ്മൂലവും ഫയലിലുണ്ട്.

ഇവിടെ കണ്ടെത്തിയ പ്രധാന അപാകം ഈ പ്രവൃത്തികൾ ഏത് നിരക്കിലാണ് ചെയ്യുന്നത് എന്ന് കരാറിൽ വ്യവസ്ഥയില്ല എന്നതാണ്. ഇളക്കിമാറ്റുന്ന ഉപകരണങ്ങൾക്കുമേൽ എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമല്ല. ഓരോ തവണയും എത്ര എണ്ണം പുതിയ ഉപകരണങ്ങൾ ആവശ്യം വരുന്നുവെന്നോ എത്ര എണ്ണം റിപ്പയർ ചെയ്യുന്നുവെന്നോ എത്ര പോസ്റ്റുകളിൽ പുതിയവ സ്ഥാപിക്കുന്നുണ്ടന്നോ ആർക്കും ധാരണയില്ല. ഓരോ തവണയും കരാറുകാരന് തുക നൽകുന്നത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമല്ല. അറ്റകുറ്റപണികൾ നിർവ്വഹിച്ചു എന്നാണ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഓരോ തരം വിളക്കിനും അറ്റകുറ്റപണികൾ ചെയ്യുന്നതിനുള്ള നിരക്കൊന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

തെരുവുവിളക്കുകൾ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാനും കരാർ ചമയ്ക്കുമ്പോൾ വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകം പരിശോധിച്ച് ചെലവായ തുകയ്ക്കുള്ള കൃത്യമായ നിരക്കിന്റെ അടിസ്ഥാനത്തിലുള്ള കണക്കുകൾ സാക്ഷ്യപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 കോടതി അറ്റാച്ച്മെന്റിന്റെ ഭാഗമായി തുക ഒടുക്കി - നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പദ്ധതി | SO 135/21 |
| അടങ്കൽ | 1,52,209/- രൂപ |
| ചെലവ് | 1,52,209/- രൂപ |
| ബിൽ നം./തീയതി | 52/30.07.21 – 90,000/- രൂപ<br>91/30.09.21 – 62,209/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ ഉഴുന്നുവിള – ഡാലിവിള റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച് നിലവിലുള്ള കേസുകളിന്മേൽ തുക ഒടുക്കാത്തതു കാരണം പഞ്ചായത്തു വക ഔദ്യോഗിക വാഹനം ജപ്തി ചെയ്യാൻ ഉത്തരവായിട്ടുള്ളതായി ഫയലിൽ രേഖയുണ്ട്. ഇതൊഴിവാക്കുന്നതിനായി മേൽ പദ്ധതി പ്രകാരം 1,52,209/- രൂപ സ്പെഷ്യൽ തഹസീൽദാർക്ക് ഒടുക്കിയിട്ടുമുണ്ട്. എന്നാൽ ഈ ചെലവിന് സർക്കാർ അംഗീകാരം ലഭ്യമായിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് (നം 30) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ചെലവിന്റെ വിശദവിവരങ്ങൾ, സർക്കാർ അനുവാദം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകൾ കാലഹരണപ്പെട്ടത് - അടിയന്തിര നടപടികൾ അനിവാര്യം

ഓഡിറ്റ് വർഷത്തിൽ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ തയ്യാറാക്കിയിട്ടുള്ളത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ വ്യവസ്ഥകളിൽ മിക്കതും കാലഹരണപ്പെട്ടതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കരാറിന്റെ മുഖ്യസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി, സമയം എന്നിവ കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവഹിക്കേണ്ട Specification, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴഈടാക്കൽ എന്നിവയിലാണ് പ്രധാനമായും അപാകത സംഭവിച്ചിട്ടുള്ളത്. എല്ലാ പ്രവൃത്തികളുടെയും കരാറുടമ്പടി ഒരേ ഫോർമാറ്റിൽ തന്നെയാണ് തയ്യാറാക്കി വരുന്നത്.

### Specification

ഈ കരാറിലെ നാലാമത്തെ വ്യവസ്ഥയിൽ പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാർ നിബന്ധനകൾ എന്നിവയെല്ലാം KSS (കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ) പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ചു മനസിലാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽ DSR, DAR ബാധകമാക്കിയിട്ടുണ്ട്. DAR അടിസ്ഥാനപ്പെടുത്തിയിട്ടുള്ളത് CPWD Specification ആണ്. കൂടാതെ ഗ്രാമീണ റോഡുകൾക്ക് MORD Specification ആണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിലാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

### പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്.

2012 ലെ പുതുക്കിയ മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു (Section 2112.1) പകരം പുതുക്കുന്നതിനു മുൻപിലുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയം

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തി വിവരപട്ടിക, പ്രവർത്തന കലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരവും കരാറുകാരൻ പൂർത്തീയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രോജക്റ്റ് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രോജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസാധ്യമാണെന്ന് കാണാം. ഏകവർഷ പ്രോജക്ടുകൾ മാർച്ച് 31 നകം പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെന്ന വസ്തുത കരാറിൽ ഏർപ്പെടുന്നവർ പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും പഞ്ചായത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ പ്രധാനമായും പരിഗണിക്കുന്നത് കരാർ ആണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ അശ്രദ്ധമായി തയ്യാറാക്കാനിടയായ സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-20 എഫ്.ഡബ്ള്യ.സി.സെന്ററുകൾക്ക് കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഇല്ല

| | |
|---|---|
| പദ്ധതി നമ്പർ | 239 |
| പദ്ധതിയുടെ പേര് | എഫ്.ഡബ്ള്യ.സി. സെന്ററുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 10,00,000/- രൂപ |
| ചെലവ് തുക | 93,840/- രൂപ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് |
| ബിൽ നമ്പർ/ തീയതി | 53/2021-22, 27.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) |

മേൽ പദ്ധതി പ്രകാരം കെൽട്രോൺ എന്ന സ്ഥാപനത്തിൽ നിന്നും 31,280/- രൂപ വീതം വിലയുള്ള മൂന്ന് കമ്പ്യൂട്ടറുകൾ 93,840/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/2022, തീയതി. 27.08.2022) മറുപടി നൽകിയില്ല. കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-21 ആയുർവേദ ആശുപത്രി - ലാബ് ടെക്നീഷ്യന്റെ ഹോണറേറിയം

14.02.2018 ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ, സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8-10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ചില ഇളവുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും ആയുർവേദ ആശുപത്രിയിലെ ലാബ് ടെക്നീഷ്യന് വേതനം നൽകൽ ഈ ഗണത്തിൽ വരുന്നില്ല. മെയിന്റനൻസ് ഫണ്ട് (റോഡിതരം) ചെലവഴിച്ച് നടത്തിയ ജീവിതശൈലീരോഗ ചികിത്സാ ക്ലിനിക്ക് (നം.46/22) പദ്ധതിയിൽ നിന്നും 19,950/- രൂപ ലാബ് ടെക്നീഷ്യന് വേതനം നൽകാനായി ഉപയോഗിച്ചതിനുള്ള കാരണം വിശദീകരിക്കാനും അനുമതി ഉത്തരവ് ഹാജരാക്കാനുമായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.11 /25.08.22) മറുപടി ഹാജരാക്കിയിട്ടില്ല. പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഹരിതകർമ്മ സേന- നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും 2 അംഗങ്ങൾ വീതം 20 ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ ഹരിതകർമ്മ സേനാംഗങ്ങൾ 2021-22 വർഷം ഉപയോഗിച്ച രസീതു ബുക്കുകളും രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ (പ്രോജക്റ്റ് നം.123/22) 46,720/- രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രതിമാസം ഹരിതകർമ്മ സേനാംഗങ്ങൾ പിരിച്ചെടുക്കുന്ന യൂസർ ഫീ ഇനത്തിൽ ലഭിച്ച തുകയുടെ 10% പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.25/27.08.2022) മറുപടിയും ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 ദുരിതാശ്വാസ നിധി -പ്രവർത്തനരഹിതം

പേമാരി, വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ, മാറാരോഗം മുതലായ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന നിർധനരായവർക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്നതിനായി രൂപീകരിച്ച നിധിയാണ് ദുരിതാശ്വാസ നിധി (2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ). വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിരിക്കുന്ന ദുരിതാശ്വാസ നിധിയിൽ 32,709/- രൂപ അവശേഷിക്കുന്നു. 2021-22 വർഷം ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ഗുണഭോക്താവിനും ആനുകൂല്യങ്ങൾ നല്കിയിട്ടില്ല. ആനുകൂല്യങ്ങൾ നല്കാത്തതിന്റെ വിവരങ്ങൾ വ്യക്തമാക്കാൻ നല്കിയ എൻക്വയറിക്ക് (എൻക്വയറി) മറുപടി ലഭ്യമാക്കിയിട്ടില്ല.

സമൂഹത്തിലെ ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡിസ്പെൻസറി നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | മരുന്ന് വാങ്ങൽ |
|---|---|
| പ്രോജക്ട് നം | 94/22 |
| അടങ്കൽ തുക | 2,00,000/- രൂപ |
| ചെലവ് | 2,00,000/- രൂപ |
| ബിൽ നം/തീയതി | 1/21-22/ 16.09.21 |

മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി മരുന്നുവാങ്ങലിനായി 2,00,000/- രൂപ ഹോമ്കോയ്ക്ക് നല്കിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| LF 2180/ 11-01-22 | 37,847/- |
| LF- 399/ 22-07-22 | 1,00,725/- |
| ആകെ | 1,38,572/- |

61,428/- രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുള്ളതായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 തുടർവിദ്യാകേന്ദ്രം പ്രേരകിന്റെ ഹോണറേറിയം തനതു ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും തുടർവിദ്യാകേന്ദ്രം പ്രേരക് ശ്രീ.സതീഷ് കുമാറിന് തൻവർഷം 16,800/- രൂപ (വൗച്ചർ നം. 22100050 തീയതി.19-04-2021) ഹോണറേറിയം ഇനത്തിൽ നൽകിയിരിക്കുന്നു. ആയത് സാക്ഷരതാ മിഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/08.22) നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ലായെന്ന മറുപടിയാണ് നൽകിയത്. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-26 ഗ്രാമസഭ, കമ്മിറ്റികൾ എന്നിവ ചേരുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3(3) പ്രകാരം 3 മാസത്തിൽ ഒരു തവണ (വർഷത്തിൽ 4 തവണ) ഗ്രാമസഭ യോഗം ചേരേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് രോഗ വ്യാപനത്തെ തുടർന്ന് ഗ്രാമസഭാ യോഗം ഒരിക്കൽ മാത്രമെ കൂടിയിട്ടുള്ളു.

എ) ഗ്രാമസഭ മിനുട്സ് , ഹാജർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1) വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് വാർഡ് 3ലെ (മുട്ടയ്ക്കാട്) ആകെ ജനസംഖ്യ 1109 ആണ്. കേരള പഞ്ചായത്തീരാജ് ആക്ട് അധ്യായം II വകുപ്പ് 3 A (4) പ്രകാരം ഗ്രാമസഭകളുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആയിരിക്കണമെന്നും ക്വാറം തികയാതെ മാറ്റി വെയ്ക്കുന്ന ഗ്രാമസഭയുടെ യോഗം വീണ്ടും കൂടുമ്പോൾ പ്രസ്തുത യോഗത്തിന്റെ ക്വാറം 50% ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുട്ടയ്ക്കാട് ഗ്രാമസഭയുടെ 15/01/22 തീയതിയിലെ യോഗത്തിൽ 83 പേർ മാത്രമെ പങ്കെടുത്തിട്ടുള്ളു. ക്വാറം തികയാത്തതിനാൽ യോഗം മാറ്റിവച്ചതായി മിനുട്സ് ബുക്കിൽ നിന്നും വ്യക്തമല്ല.

2) കേരള പഞ്ചായത്തീരാജ് ആക്ട് അധ്യായം II വകുപ്പ് 3 (6) പ്രകാരം ഗ്രാമസഭയുടെ ഏതെങ്കിലും തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അധ്യക്ഷൻ അതിനുള്ള കാരണം ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ വികസനത്തിനായി വിഭാവനം ചെയ്ത കട്ടിൽ, ലാപ്ടോപ്പ് വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കിയില്ല എന്ന് 24/05/22 ലെ ആറാം വാർഡ് (നെല്ലിവിള) ഗ്രാമസഭാ യോഗത്തിൽ അറിയിച്ചുവെങ്കിലും ടി പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാതെ പോയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

3) 29/01/2018 ലെ സ.ഉ. (കൈ) നം.11/2018/ ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗരേഖ 11.3.4 പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻഗണനാലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനുട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണം. എന്നാൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തെ വിവിധ ഗ്രാമസഭകളുടെ മിനുട്സ് പരിശോധിച്ചതിൽ നിന്നും വിവിധ പദ്ധതികൾക്കായി തെരഞ്ഞെടുത്തവരുടെ മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. മുൻഗണനാ ക്രമം നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ : 6/23.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) ഭരണസമിതി - സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ

2021-22 വർഷത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനുട്സ് , ഹാജർ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു .

1. ചെയർമാന്റെ അധ്യക്ഷതയിൽ പരമാവധി അംഗങ്ങളുടെ ഹാജരോടു കൂടി സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേരുന്നുണ്ട്. എന്നാൽ പഞ്ചായത്ത് സെക്രട്ടറി യോഗങ്ങളിൽ പങ്കെടുത്തതായി രേഖയില്ല.

2. ഓരോ യോഗത്തിലും അജണ്ടകളിന്മേൽ എടുത്ത തീരുമാനങ്ങളുടെ പ്രവർത്തന പുരോഗതി കമ്മിറ്റിയുടെ അടുത്ത യോഗങ്ങളിൽ വിലയിരുത്തിയിട്ടില്ല.

3. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധനയിൽ ഹാജർ രേഖപ്പെടുത്തുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

<table>
<tr><th>യോഗം ചേർന്ന തീയതി</th><th>ഹാജർ ബുക്ക് പ്രകാരം പങ്കെടുത്ത അംഗങ്ങളുടെ എണ്ണം</th><th>മിനുട്സ് ബുക്ക് പ്രകാരം പങ്കെടുത്ത അംഗങ്ങളുടെ എണ്ണം</th></tr>
<tr><td>27/04/21</td><td>0</td><td>1</td></tr>
<tr><td>26/05/21</td><td>4</td><td>0</td></tr>
<tr><td>01/06/21</td><td>4</td><td>3</td></tr>
<tr><td>18/06/21</td><td>4</td><td>0</td></tr>
<tr><td colspan="3">10/08/21 മുതൽ മിനുട്സ് ബുക്കിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല.</td></tr>
</table>

4. 29/06/21, 30/07/21 എന്നീ തീയതികളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം നടന്നതായി ഹാജർ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത യോഗത്തിന്റെ വിവരം മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

5. 10/07/21 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ദിവസം യോഗം നടന്നതായി ഹാജർ ബുക്കിൽ രേഖയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ : 3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം(സ്റ്റേറ്റ്മെന്റ് പ്രകാരം)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം, പദ്ധതി | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2021-22, ക്ഷീരസമൃദ്ധി | 100000 | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22, കിണർ റീചാർജ് | 280512 | 14400 | 266112 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22, സ്നേഹസ്പർശം | 520125 | 520125 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22, ക്ഷീരസമൃദ്ധി | 300000 | 300000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22, കിണർ റീചാർജ് (ജനറൽ) | 86400 | 0 | 86400 |
| ജില്ലാപഞ്ചായത്ത് | 2021-22, കിണർ റീചാർജ് (എസ്.സി.പി) | 86400 | 0 | 86400 |
| ജില്ലാപഞ്ചായത്ത് | 2021-22, സ്നേഹസ്പർശം | 520125 | 520125 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22, എസ്.സി. വിഭാഗക്കാർക്കുള്ള ഭവനസമുച്ചയം-ലൈഫ് | 3231400 | 3127831 | 103569 |
| മുൻസിപ്പൽ കോർപ്പറേഷൽ വിഹിതം | 2021-22, ടേക്ക് എ ബ്രേക്ക് ശുചിമുറി നിർമ്മാണം | 1258599 | 0 | 1258599 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| സ്ഥാപനം | 2020-21 B4 പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-37 പ്രകാരം വരവ് | ആകെ | ചെലവ് (സൂലേഖ പ്രകാരം) | 2021-22 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2562137 | 620125 | 3182262 | 634525 | 2547737 |
| ജില്ലാപഞ്ചായത്ത് | 3794200 | 820125 | 4614325 | 3947956 | 666369 |
| മുൻസിപ്പൽ കോർപ്പറേഷൽ | -- | 1258599 | 1258599 | -- | 1258599 |

*എ.എഫ്.സി ലെ വരവും ചെലവും നീക്കിയിരിപ്പും സ്ഥാപനം ഹാജരാക്കിയ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുക

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് മാറ്റൽ | 241970 | 0 | 241970 |
| ,, | വൈദ്യുതി ലൈൻ നീട്ടൽ | 1412702 | 32686 | 1380016 |
| കെ.ഡബ്ല്യൂ.എ. | പൈപ്പ് ലൈൻ നീട്ടൽ | 333000 | 0 | 333000 |

| നിർവ്വഹണ | 2020-21 B18 | 2021-22 | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2021-22 B18 |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഏജൻസി | ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | വർഷത്തെ നിക്ഷേപം | | | | ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
| വാട്ടർ അതോറിറ്റി | 14145942 | 333000 | 14478942 | -- | 14478942 | 10313699 |
| വൈദ്യുതി ബോർഡ് | 12748340 | 1654672 | 14403012 | 32686 | 14370326 | 14403012 |
| ഭൂജലവകുപ്പ് | 90000 | -- | 90000 | -- | 90000 | 90000 |

വാർഷിക ധനകാര്യപത്രികയിലെയും സ്ഥാപനം ലഭ്യമാക്കിയ രേഖകളിലെയും നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. അപാകത വിശദീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 ലോൺ തിരിച്ചടവ് വിവരം

| വായ്പാ തുക | വർഷാരംഭത്തിൽ അടയ്ക്കാൻ ബാക്കിയായിരുന്ന തുക | തിരിച്ച് അടവാക്കിയ തുക | വർഷാവസാനം തിരിച്ച് അടവാക്കാനുള്ള ബാക്കി തുക |
|---|---|---|---|
| 27190726 | 22732058 | 2493333 | 20238725 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 27864157 |
| ഓഡിറ്റ് വർഷത്തെ വരവ് | 110407599 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 103360728 |
| നീക്കിയിരിപ്പ് | 34911028 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 2<br>(3-2, 3-4) |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 1 (3-11) |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 2 (3-2, 3-3) |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 5<br>(3-2, 3-3, 3-5, 3-7, 3-9) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 1 (3-3) |
| 2010-11&<br>2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 6<br>(2-3, 3-3, 3-6, 3-8, 3-9, 3-13) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 6<br>(2-3, 3-9, 3-10, 3-11,<br>3-12, 3-13) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 7<br>(3-1, 3-2, 3-5, 3-7, 3-10,<br>3-11, 3-12) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 20<br>(2-1, 2-5, 3-6, 3-7, 3-8, 3-9,<br>3-10-1, 3-12,<br>3-15, 3-16-1, 3-16-2,<br>3-16-3, 3-16-4, 3-17, 3-24, 3-27,<br>3-28, 3-29, 3-30, 3-31) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 4<br>(3-4, 3-7, 3-8, 3-9) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1823/2022 തീയതി. 13.10.2022 | 2<br>(2-5, 3-8) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2399/18 തീയതി. 02.08.2019 | 11 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2059/2019 തീയതി. 15.02.2021 | 29 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1729/2021 തീയതി. 07.10.2021 | 21 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/579/2022 തീയതി. 22.06.2022 | 35 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്